നിർദ്ദേശിച്ചിരുന്നു എന്നറിയിച്ചിട്ടുണ്ട്. 11.00 ലക്ഷം രൂപ മുടക്കി വാടക കെട്ടിടത്തിൽ അടിസ്ഥാന സൗകര്യമൊരുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.27 <u>നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2022 ലെ കത്ത് (SRG 1001/22 - CC/411/2022)**

**വിഷയം:-** പുതിയ ITI സ്ഥാപിക്കുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതു സംബന്ധിച്ച്.

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ചുങ്കത്തറയിൽ പുതിയ ITI സ്ഥാപിക്കുന്നതിന് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ വ്യവസായിക പരിശീലന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ITI ക്കായി വകുപ്പ് കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുന്നതുവരെ താല്ക്കാലികമായി പ്രവർത്തിക്കുന്നതിന് കെട്ടിടം, വൈദ്യുതി, ജലം, ഫർണിച്ചർ തുടങ്ങിയ സൗകര്യം തദ്ദേശഭരണസ്ഥാപനം നൽകണം. ഇത്തരം സൗകര്യം ഒരുക്കുന്നതിനായി നൂതന പ്രോജക്ട് തയ്യാറാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.28 <u>കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ</u>**

**കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 14.09.2022 ലെ** KGPA/LM/FR **2022091405-ാം നമ്പർ കത്ത് (SRG 221/22)**

**വിഷയം:-** രണ്ടുലക്ഷം രൂപവരെയുള്ള നിർമ്മാണ പ്രവൃത്തികൾ ഇ-ടെണ്ടറിൽ നിന്നൊഴിവാക്കണമെന്നതു സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയിൽ അധികം അടങ്കലുള്ള നിർമ്മാണ പ്രോജക്ടുകൾ ഇ-ടെണ്ടർ ചെയ്യണമെന്നാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെറിയ അടങ്കലുള്ള നിർമ്മാണ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുന്നതിനു ബുദ്ധിമുട്ടാണ്. അതിനാൽ 2.00 ലക്ഷം രൂപയിൽ താഴെയുള്ള അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഈ ടെണ്ടറിൽ നിന്നൊഴിവാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.29 <u>കേരള ഗവ.കോൺട്രാക്ടേഴ്സ് ഫെഡറേഷൻ - കോഴിക്കോട്</u>**

**കേരള ഗവൺമെന്റ്കോൺട്രാക്ടേഴ്സ് ഫെഡറേഷൻ പ്രസിഡന്റിന്റെ 16.06.2022 ലെ കത്ത് (SRG 654/22)**

**വിഷയം:-** അഞ്ചുലക്ഷം രൂപവരെ അടങ്കലുള്ള നിർമ്മാണ പ്രവൃത്തികൾ ഇ-ടെണ്ടറിൽ നിന്നൊഴിവാക്കണമെന്നതു സംബന്ധിച്ച്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ ലാഭകരമായ പ്രവൃത്തികൾ മാത്രം മുഴുവനായും വൻകിട കരാറുകാർ ഇ -ടെണ്ടറിലൂടെ നേടിയെടുക്കുകയും ലാഭകരമല്ലാത്ത പ്രവൃത്തികൾ ടെണ്ടർ ഏറ്റെടുക്കാത്ത സ്ഥിതിയും ഉണ്ട്. ചെറുകിട കരാറുകാരുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിന് 5.00 ലക്ഷം രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികളെ ഇ-ടെണ്ടറിൽ നിന്നൊഴിവാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

